# ദുരിതശമനത്തിന് ദേവീമാഹാത്മ്യം

പ്രൊഫ.കെ.വാസുദേവനുണ്ണി

ദേവിയുടെ, ദേവീചൈതന്യത്തിന്റെ പ്രഭാവം നിറഞ്ഞുവിളങ്ങിയ ഒരു നവരാത്രികാലം കൂടി കടന്നുപോയി. ഈ ഘട്ടത്തിൽ ദേവീമാഹാത്മ്യവുമായി ബന്ധപ്പെട്ട ചില ചിന്തകൾ വായനക്കാരുമായി പങ്കുവയ്ക്കട്ടെ. അപാരമായ ശക്തിവിശേഷങ്ങളുള്ളതും അനുഗ്രഹപ്രദവുമായ ഒരു ഗ്രന്ഥമാണ് ദേവീ മാഹാത്മ്യം. ജീവിതത്തിൽ പല ഘടകങ്ങളും ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും ഉയർച്ച യെയും ഐശ്വര്യത്തെയും ബാധിക്കാം. പലപല ബാധാദോഷങ്ങൾ, ജാതകദോഷങ്ങൾ, ഗ്രഹപ്പിഴ കൾ, ശത്രുക്കളുടെയും മറ്റും ദുഷ്ടപ്രവൃത്തികൾ– ഇങ്ങനെ നിരവധി കാരണങ്ങൾ ഉണ്ടാകാം. എന്നാൽ ഇവ ഏതെന്നു കൃത്യമായി കണ്ടെത്താനും അവയ്ക്ക് കൃത്യമായ പരിഹാരകർമ്മങ്ങൾ നിർദ്ദേശി ക്കാനും കഴിവും ഉപാസനാബലവുമുള്ളവർ ഇന്ന് എത്രപേരുണ്ടാകും? കലിയുഗത്തിൽ ഭക്തിപൂർവമുള്ള ജപം, പ്രാർത്ഥന, സദ്ഗ്രന്ഥപാരായണം എന്നിവയ്ക്കാണ് കൂടുതൽ ഫലം എന്ന് ആചാര്യന്മാർ പറ ഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. വലിയ വലിയ പരിഹാരകർമ്മങ്ങൾക്കു പിന്നാലെ പോകേണ്ട കാര്യമില്ല. ദോഷങ്ങൾ എന്താണ്, ഏതാണ് എന്നിങ്ങനെ ചിന്തിച്ചും പരിഹാരമെന്തെന്നന്വേഷിച്ചും ക്ലേശിക്കാതെ ദേവിയെയും ദേവീമാഹാത്മ്യത്തെയും അഭയം പ്രാപിക്കുന്നവർക്ക് അത്ഭുതകരമായ ശുഭാനുഭവങ്ങളാണ് ഉണ്ടാകുന്നത്.

## ചില സംശയങ്ങളും മറുപടിയും

ഈ ഗ്രന്ഥം ഭക്തിപൂർവ്വം പാരായണം ചെയ്ത് ദുരിതങ്ങളും ക്ലേശങ്ങളുമകന്ന പലരും ബന്ധ പ്പെടാറുണ്ട്. ചിലർ ചില സംശയങ്ങളും ഉന്നയിക്കാറുണ്ട്. ദേവീമാഹാത്മ്യം സാധാരണക്കാർക്കും പാരായണം ചെയ്യാമോ? അതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്? പാരായണത്തിൽ തെറ്റുവ ന്നാൽ അതു ദോഷമല്ലേ? ഇതിനു മറുപടി പറയാം. ദേവി പ്രപഞ്ചമാതാവാണ്. അമ്മയായി കണ്ടാണ് ദേവിയെ നാം ആരാധിക്കുന്നത്. ഒരു കുഞ്ഞിന് സ്വന്തം അമ്മയോടു തോന്നുന്ന അപാരവും നിഷ്ക ളങ്കവുമായ സ്നേഹമുണ്ടല്ലോ. അതുപോലെയാകണം ദേവിയോടും ദേവീമാഹാത്മ്യത്തോടും നമു ക്കുള്ള ബന്ധവും. മറ്റെന്തു നൽകിയാലും, അമ്മയെ കണ്ടില്ലെങ്കിൽ കുഞ്ഞു കരയും. അമ്മയുടെ സാമീപ്യത്തിൽ കുഞ്ഞിന് ശാന്തതയും സുരക്ഷിതത്ത്വബോധവും സന്തോഷവും കൈവരും. ഇതു പോലെയായിരിക്കണം ദേവിയുമായുള്ള നമ്മുടെ ബന്ധവും. കാപട്യമില്ലാത്ത, കറകളഞ്ഞ ദേവീഭ ക്തിയുണ്ടാകണം. കുഞ്ഞിന് സ്വമാതാവിനോടു തോന്നുന്നതുപോലെയുള്ള അപാരമായ സ്നേഹ ത്തിനു സമാനമായ ഭക്തി. ആ ഭക്തിയുള്ള ആർക്കും ദേവീമാഹാത്മ്യം പാരായണം ചെയ്യാം. തുടക്ക ത്തിൽ എല്ലാവർക്കും അത്തരത്തിലുള്ള ഭക്തിയും മാനസികാവസ്ഥയും ഉണ്ടാകില്ല. എന്നാൽ പാരാ യണം ആരംഭിച്ച് ക്രമേണ ദേവിയമായുള്ള ബന്ധം ദൃഢമാകുന്നു. നമുക്ക് സുരക്ഷയും ശാന്തിയും കൈവരുന്നു. ബാധാദോഷങ്ങൾ, ജാതകദോഷങ്ങൾ, ഗ്രഹപ്പിഴകൾ, ശത്രുക്കളുടെയും മറ്റും ദുഷ്ടപ്ര വൃത്തികൾ തുടങ്ങിയവയൊന്നും പിന്നെ ബാധിക്കുകയേയില്ല.

പലരും ഭയപ്പെടുത്തും. ഇതു പാരായണം ചെയ്യുമ്പോൾ തെറ്റു വരരുത്, ഗുരുവിന്റെ ഉപദേശ ത്തോടെയേ ജപിക്കാവൂ എന്നൊക്കെ പറയുന്നവരുണ്ട്. പരമഗുരുവാണ് ദേവി. എല്ലാ ഗുരുക്കന്മാരു ടെയും ഗുരു. ആ ദേവിയെത്തന്നെ ഗുരുവായി സങ്കല്പിച്ച് ഭക്തിപൂർവ്വം ദേവീമാഹാത്മ്യം പാരാ യണം ചെയ്യാവുന്നതാണ്. ഉത്തമഗുരുക്കന്മാർ വളരെ കുറവും ഗുരുക്കന്മാരായി നടിക്കുന്നവർ വളരെ കൂടുതലുമുള്ള ഇക്കാലത്ത് പരമഗുരുവായ ദേവിയെത്തന്നെ ഗുരുവായി സ്വീകരിച്ച് ദേവീമാഹാത്മ്യം പാരായണം ചെയ്യുന്നതാണ് ഉത്തമം. അനേകം ആചാര്യന്മാരും വ്യാഖ്യാതക്കളും ഇത് സമ്മതിച്ചിട്ടു മുണ്ട്. ഇനി, സാക്ഷാൽ ശങ്കരാചാര്യർതന്നെ പറയുന്നത് ഒന്നു ശ്രദ്ധിക്കുക. അതിപ്രശസ്തമായ ദേവ്യപരാധക്ഷമാപണസ്തോത്രത്തിൽ (അതിവിശിഷ്ടമായ ഈ സ്തോത്രം അർത്ഥം സഹിതം ദേ വീമഹാത്മ്യഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) ആചാര്യർ പറയുന്നു: 'തനിക്ക് ദേവിയെ ആരാധി ക്കാനുള്ള മന്ത്രങ്ങളും മുദ്രകളും ന്യാസവുമൊന്നും വശമില്ല. അവിടുത്തെ ആരാധിക്കുന്നതിൽ കുറ്റ ങ്ങളും കുറവുകളും വന്നേക്കാം. എന്നാൽ അവിടുത്തെ അഭയം പ്രാപിച്ചാൽപ്പിന്നെ ക്ലേശവും ദുഃഖവു മുണ്ടാവുകയില്ല എന്നത് എനിക്കറിയാം.' നാമൊക്കെ മഹാപണ്ഡിതരും ആരാധനാക്രമങ്ങളൊക്കെ

കൃത്യമായി പാലിക്കുന്നവരും കടുകിട തെറ്റാതെ പാരായണം ചെയ്യാൻ കഴിയുന്നവരുമല്ല. ഒരു കൊച്ചു കുഞ്ഞ് നടക്കാൻ പഠിക്കുന്നത് നിരവധി തവണ വീണശേഷമാണ്. ആദ്യഘട്ടങ്ങളിൽ പരായണം ചെയ്യുമ്പോൾ ആർക്കും തെറ്റുകൾ സംഭവിക്കാം. ദേവി അത് വാത്സല്യപൂർവ്വം ക്ഷമിച്ചുകൊള്ളും. നമുക്ക് ദേവിയിൽ ഉറച്ച ഭക്തിയും വിശ്വാസവും ഉണ്ടായാൽ മതി. പാരായണത്തിനൊടുവിൽ അപരാധക്ഷമാപണസ്തോത്രം ജപിക്കുന്നതോടെ തെറ്റുകൾ പരിഹരിക്കപ്പെടുകയും ചെയ്യും.

അപരാധപരംപരാവൃതം ന ഹി മാതാ
സമുപേക്ഷതേ സുതം

എന്നാണ് ശങ്കരാചാര്യസ്വാമികൾതന്നെ പറഞ്ഞിരിക്കുന്നത്. മക്കൾ അപരാധങ്ങളുടെ ഒരു പരമ്പരതന്നെ ചെയ്താലും അമ്മ അവരെ കൈവിടില്ല എന്നു സാരം.

## ദുരിതശമനത്തിന് ദേവീമാഹാത്മ്യം

ദുരിതശമനമാണ് ദേവീമാഹാത്മ്യത്തിന്റെ ഏറ്റവും പ്രധാന പാരായണഫലം. നമ്മിലേറെപ്പേരും ദുരിതങ്ങളും ക്ലേശങ്ങളുമുണ്ടാകുമ്പോഴാണ് ദേവിയെ ഓർമ്മിക്കുക. അതു സ്വാഭാവികവുമാണ്. കുഞ്ഞുങ്ങൾ കളികളിൽ വ്യാപൃതരായിരിക്കുമ്പോൾ അമ്മയെ ഓർമ്മിക്കാറില്ലല്ലോ. എന്നാൽ വിശപ്പും ദാഹവും വരുമ്പോൾ അവർ അമ്മയുടെയടുത്തേക്ക് ഓടിവരുന്നു. അമ്മ വാത്സല്യപൂർവ്വം അവരുടെ പശിയടക്കുന്നു. മനോഹരമായ ഈ കല്പന ശങ്കരാചാര്യരുടെ ദേവ്യപരാധക്ഷമാപണസ്തോത്രത്തിലേതാണ്. ദുരിതശമനത്തിനും ആഗ്രഹസിദ്ധിക്കുമൊക്കെ ദേവിയോടു പ്രാർത്ഥിക്കാം. അർഹമായതും ഉചിതമായതും നൽകി ദേവി അനുഗ്രഹിക്കും, തീർച്ച.

ഇത് പലരുടെയും അനുഭവമാണ്. തിരുവനന്തപുരത്തെ ഒരധ്യാപികയുടെ കഥ പ്രൊഫ.കെ.വാസുദേവനുണ്ണി പറഞ്ഞത് ഓർമ്മവരുന്നു. അവർ ദേവീമാഹാത്മ്യപാരായണം ആരംഭിച്ചതോടെ പല ദുരിതങ്ങളും അകലുകയും മകന്റെ വിദേശത്തെ തൊഴിൽപ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തു. മൂകാംബികയിലും മറ്റു ചില ക്ഷേത്രങ്ങളിലും അവർ ദേവീമാഹാത്മ്യം സമർപ്പിക്കുകയും ചെയ്തു. വിവാഹശേഷം പല പ്രശ്നങ്ങളും നേരിട്ട ഒരു പെൺകുട്ടിയുടെ കഥ എനിക്കു നേരിട്ടറിയാം. ഞാൻ തന്നെയാണ് ആ കുട്ടിക്ക് ദേവീമാഹാത്മ്യം നൽകിയത്. പാരായണത്തിലൂടെ അത്ഭുതകരമായ ആശ്വാസമാണ് ആ കുട്ടിക്കുണ്ടായത്. കുടുംബദുരിതങ്ങൾ, തൊഴിൽ തടസ്സം, മംഗല്യതടസ്സങ്ങൾ തുടങ്ങിയവയുടെയൊക്കെ പരിഹാരത്തിനായി ദേവീമാഹാത്മ്യം ഭക്തിയോടും വിശ്വാസത്തോടും പാരായണം ചെയ്യുന്ന അനേകർക്കാണ് ഗുണാനുഭവങ്ങൾ സിദ്ധിക്കുന്നത്. ഭക്തിയോടെ, വിശ്വാസത്തോടെ, മനസ്സുരുകി പാരായണം ചെയ്യൂ. ഫലം ഉറപ്പായിരിക്കും.